പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1185 — 12.07.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി അന്തർ സംസ്ഥാന സർവ്വീസുകൾ

ചോദ്യം

ശ്രീ. സി. ദിവാകരൻ
" ജി.എസ്.ജയലാൽ
" എൽദോ എബ്രഹാം
" മുഹമ്മദ് മുഹസിൻ പി.

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര സർവ്വീസുകളാണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. നിലവിൽ 355 അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി യ്ക്ക് എത്ര ലോ ഫ്ളോർ എ.സി. ബസ്സുകളുണ്ടെന്നും ഇവയിൽ ഗതാഗത യോഗ്യമായ എത്ര ബസ്സുകളുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ സബ്സിഡിയറി കോർപ്പറേഷനായ കേരള അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കീഴിൽ 190 എ.സി ലോ ഫ്ളോർ ബസ്സുകളുണ്ട്. 04.07.2016-ലെ കണക്കനുസരിച്ച് ഇവയിൽ 160 എണ്ണം ഗതാഗത യോഗ്യമാണ്. |
| (സി) | കെ.എസ്.ആർ.ടി.സി യ്ക്കു വേണ്ടി എത്ര സ്കാനിയ മഹാരാജ ബസ്സുകൾ വാങ്ങിയെന്നും ഇവയിൽ എത്രയെണ്ണം നിലവിൽ സർവ്വീസ് നടത്തുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി 18 സ്കാനിയ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. 04.07.2016-ലെ കണക്കുപ്രകാരം ആക്സിഡന്റിൽപ്പെട്ട ഒരു ബസ്സ് ഒഴികെ 17 ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ട്. |
| (ഡി) | സ്കാനിയ ബസ്സുകൾ വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നതായിട്ടുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ക്രമക്കേടുകൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ? | (ഡി) | കെ.എസ്.ആർ.ടി.സി സ്കാനിയ ബസ്സുകൾ വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നതായി പത്ര മാദ്ധ്യമങ്ങളിൽ റിപ്പോർട്ട് വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കെ.എസ്.ആർ.ടി.സി, കേരളാ സർക്കാരിന്റെ ഇ-പ്രൊക്യൂർമെന്റ് സംവിധാനത്തിലൂടെ എല്ലാ ടെൻഡർ നടപടി ക്രമങ്ങളും പാലിച്ചാണ് സ്കാനിയ ബസ്സുകൾ വാങ്ങിയത്. ഈ ദർഘാസിൽ |

| | | | |
|---|---|---|---|
| | | | യോഗ്യത നേടിയ വോൾവോ, സ്കാനിയ എന്നീ രണ്ടു കമ്പനികളിൽ ഏറ്റവും കുറഞ്ഞ വില വാഗ്ദാനം ചെയ്ത സ്കാനിയ കമ്പനിയിൽ നിന്നാണ് ബസ്സുകൾ വാങ്ങിയത്. എങ്കിലും അത് പരിശോധിക്കുന്നതാണ്. വ്യക്തമായ പരാതികൾ ലഭിച്ചാൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ